**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.241    28.01.2014 - ൽ മറുപടിക്ക്**

## ദേശീയപാതകളുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികൾ ഇപ്പോൾ നടക്കുന്നുണ്ടോ; ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ ദേശീയപാതകളിൽ എൻ.എച്ച്.17 ഉം എൻ.എച്ച്.47 ഉം ആണ് സർവ്വീസ് റോഡോടുകൂടിയ 4/6 വരി പാതയായി വികസിപ്പിക്കുവാൻ എൻ.എച്ച്.എ.ഐ.യ്ക്ക് കൈമാറിയിട്ടുള്ളത്. ഇതിൽ എൻ.എച്ച്. 47 -ലെ വടക്കഞ്ചേരി മുതൽ മണ്ണൂത്തി വരെ (കി.മീ.240/000 മുതൽ കി.മീ. 270/000 വരെ) യുള്ള ഭാഗം 6 വരി പാതയായാണ് വികസിപ്പിക്കുന്നത്. ഇതിനാവശ്യമായ, 60 മീറ്റർ വീതിയിൽ Right Of Way (ROW) ഇതിനോടകം ഏറ്റെടുത്തിട്ടുണ്ട്. എൻ.എച്ച്.47 -ലെ തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്തെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വാളയാർ മുതൽ വടക്കഞ്ചേരി, വടക്കഞ്ചേരി മുതൽ മണ്ണൂത്തി വരെയുള്ള ഭാഗം 4/6 വരിപ്പാതയാക്കുന്നതിനുള്ള കരാർ എൻ.എച്ച്. |

എ.ഐ. നൽകി കഴിഞ്ഞു. ഇതിൽ വാളയാർ മുതൽ വടക്കഞ്ചേരി (182/000 മുതൽ 240/000)വരെയുള്ള ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 25% പൂർത്തീകരിച്ചിട്ടുണ്ട്. ഇവിടുത്തെ പ്രവൃത്തികൾ 13.11.2015 -ൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെയുള്ള ഭാഗത്തെ പ്രവൃത്തികൾ പുനരാരംഭിക്കാനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. 30 മാസം കൊണ്ട് ഇവിടുത്തെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കേരള – കർണ്ണാടക അതിർത്തി മുതൽ കണ്ണൂർ വരെ (കി.മീ.17.2 മുതൽ കി.മീ. 148 വരെ) യുള്ള 130.8 കിലോമീറ്ററും, കണ്ണൂർ മുതൽ വെങ്ങളം (കി.മീ.148 മുതൽ കി.മീ. 230 വരെ) വരെയുള്ള 82 കിലോമീറ്ററും, വെങ്ങളം മുതൽ കുറ്റിപ്പുറം വരെയുള്ള (കി.മീ. 230 മുതൽ കി.മീ. 318 വരെ) 88 കിലോമീറ്ററുമായ മൂന്നു റീച്ചുകളിൽ എൻ.എച്ച്.എ.ഐ. നിർമ്മാണ പ്രവൃത്തികൾക്കായി കരാർ നൽകിയിരുന്നുവെങ്കിലും ഭൂമി ഏറ്റെടുത്തു നൽകുവാൻ കഴിയാതെ വന്നതിനാൽ കരാർ റദ്ദാക്കേണ്ടതായി വന്നു. കോഴിക്കോടിനടുത്ത് ഇടിമുഴിക്കൽ മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗത്തിന്റെ 3A (1) വിജ്ഞാപനം നിലവിലുണ്ട്. കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ 3A വിജ്ഞാപനം

പുറപ്പെടുവിച്ചിരുന്നു എങ്കിലും അതിർത്തി ക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ എല്ലാ സ്ഥലങ്ങളിലും പൂർത്തിയാക്കാ നാവാത്തതിനാൽ ചില ഭാഗ ങ്ങളിലേയ്ക്കുവേണ്ടി 3A വിജ്ഞാപനം പുന:പ്രസിദ്ധീകരിക്കേണ്ടതായിട്ടുണ്ട്. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിജ്ഞാപനം യഥാക്രമം -01.05.2014 ലും 31.03.2014-ലുമായി കാലഹരണ പ്പെടുന്നതാണ്. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ ചില സ്ഥലങ്ങളിൽ സർവ്വേ പൂർത്തിയാക്കി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും (കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി ബൈപ്പാസ് ഒഴികെ) 3D വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തു. പൊതു ജനങ്ങളുടെ നിസ്സഹകരണം മൂലം മലപ്പുറം ജില്ലയിൽ സർവ്വേ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ശേഷിക്കുന്ന എൻ.എച്ച്. 17 ന്റെയും എൻ.എച്ച് 47 ന്റെ ഭാഗമായ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള പ്രദേശ ങ്ങളിലെയും സ്ഥലമെടുപ്പ് പൊതുവെ മന്ദഗതിയിലാണ്. ദേശീയപാത 17 -ൽ കുറ്റിപ്പുറം മുതൽ ഇടപ്പള്ളി വരെയുള്ള 112 കി.മീ. നീളമുള്ള റോഡിൽ 30.11.2009 ലും 04.07.2012 ലും രണ്ടു പ്രാവശ്യം 3A വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയത് കാലഹര ണപ്പെട്ടതിനാൽ 26.11.2013 - ന് മൂന്നാമത്തെ പ്രാവശ്യം 3A വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 3D

വിജ്ഞാപനത്തിനു വേണ്ടിയുള്ള നടപടികൾ തൃശ്ശൂർ ജില്ലയിൽ നടന്നു വരുന്നു. എൻ.എച്ച്. 17 -ൽ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം മുതൽ തൃശ്ശൂർ ജില്ലയിലെ മേത്തല ഭാഗം വരെ അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ചേർത്തല മുതൽ തിരുവനന്തപുരം വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പിനു വേണ്ടി കേന്ദ്ര സർക്കാരിന്റെ ഗസറ്റിൽ 3A (1) വിജ്ഞാപനം രണ്ടു പ്രാവശ്യം പ്രസിദ്ധീകരിച്ചിരുന്നെങ്കിലും പൊതു ജനങ്ങളുടെ എതിർപ്പ് മൂലം 3D സർവ്വേ പൂർത്തിയാക്കുവാൻ കഴിയാതെയിരുന്ന തിനാൽ പ്രസ്തുത വിജ്ഞാപനം റദ്ദാക്കേണ്ടതായി വന്നു. കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള ഭാഗത്തെ നാലു വരിപ്പാതയാക്കാൻ ആവശ്യമായ 45 മീറ്റർ Right of Way (ROW) സർക്കാർ ഏറ്റെടുത്ത് നൽകി കഴിഞ്ഞു. ഇവിടുത്തെ നിർമ്മാണ പ്രവർത്തന ങ്ങൾ എൻ.എച്ച്.എ.ഐ. ഉടൻ ആരംഭിക്കുന്നതാണ്. മുക്കോല മുതൽ സംസ്ഥാന അതിർത്തി വരെയുള്ള (കി.മീ.27/500 മുതൽ 43/000) സ്ഥലമെടുപ്പിനായി 3D വിജ്ഞാപനം കേന്ദ്ര സർക്കാരിന്റെ ഗസറ്റിൽ പ്രസിദ്ധീകരിച്ചു. തുടർ നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) എൻ.എച്ച്.47, എൻ.എച്ച്. 17 എന്നിവ ആറുവരിപ്പാതയായി വികസിപ്പിക്കുന്നതിന്

(ബി) കേരളത്തിൽ എൻ.എച്ച്.47 -ൽ പെട്ട വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെ (കി.മീ. 240/000 മുതൽ 270/000 വരെ)

| | | | |
|---|---|---|---|
| | ഇതിനകം സ്ഥലം അക്വയർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കമോ; | | യുള്ള ഭാഗമാണ് ആറു വരിപ്പാതയായി വികസിപ്പിക്കുവാൻ എൻ.എച്ച്.എ.ഐ. ഉദ്ദേശിക്കുന്നത്. ഈ ഭാഗത്തെ സ്ഥലമെടുപ്പ് പൂർണ്ണമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ദേശീയപാതയുടെ വീതി സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ഉറപ്പ് എന്തൊക്കെയായിരുന്നു; | (സി) | കേന്ദ്ര സർക്കാരിന്റെ ദേശീയപാതാ വികസന പദ്ധതി പ്രകാരം BOT വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിനുള്ള Right of Way (ROW) 60 മീറ്റർ ആണ്. എന്നാൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇത് 45 മീറ്റർ ആക്കി നിജപ്പെടുത്തി നിശ്ചയിച്ചിട്ടുണ്ട്. |
| (ഡി) | റോഡുവികസന പ്രവർത്തനങ്ങൾ എന്നു പൂർത്തിയാക്കാമെന്നു കരുതുന്നു.? | (ഡി) | നമ്മുടെ സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു ഏറെ പ്രതിബന്ധങ്ങൾ നേരിടേണ്ടി വരുന്നുണ്ട്. ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയായതിനുശേഷം രണ്ടു വർഷത്തിനകം റോഡു വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ